# കോവിഡ്–19 ൻെറ സാദ്ധ്യമായ ഒരു പൊട്ടിപ്പുറപ്പെടൽ കൈകാര്യം ചെയ്യുന്നതിന് ഖത്തറിൻറെ ആരോഗ്യ മേഖല എത്രത്തോളം സജ്ജമാണ്?



**രാജ്യത്ത് കോവിഡ്–19 ൻെറ സാദ്ധ്യമായ ഒരു പൊട്ടിപ്പുറപ്പെടൽ കൈകാര്യം ചെയ്യുന്നതിന് ഖത്തറിൻറെ ആരോഗ്യ മേഖല ശക്തമായി തയ്യാറെടുത്തിട്ടുണ്ട്.** എച്.എം.സി.യുടെ അംബുലൻസ് സർവീസ് ജീവനക്കാർക്ക് ഇത്തരത്തിലുള്ള പകരാവുന്ന വൈറസ് ബാധിച്ച ആളുകളെ, കൂടുതൽ വ്യാപിക്കുന്നത് തടഞ്ഞുകൊണ്ട് തന്നെ, സുരക്ഷിതമായി മാറ്റുന്നതിനും കൈകാര്യം ചെയ്യുന്നതിനും പൂർണ്ണ പരിശീലനം നല്കിയിട്ടുണ്ട്. **അംബുലൻസ് സർവീസിന് കോവിഡ്–19 ഉള്ള രോഗികളെ കൈകാര്യം ചെയ്യുന്നതിന് ആവശ്യമായ വാഹനങ്ങളും സംരക്ഷണ ഉപകരണങ്ങളുമുണ്ട്.**

കോവിഡ്–19 സംശയിക്കുന്ന ഏത് രോഗിയെയും ചികിത്സയ്ക്കായും പരിശോന നടത്തുമ്പോൾ നിരീക്ഷിക്കുന്നതിനായും എച്.എം.സി.യുടെ കമ്മ്യൂണിക്കബിൾ ഡീസീസ് സെൻററിലേക്ക് കൊണ്ടുപോകുന്നതാണ്. കമ്മ്യൂണിക്കബിൾ ഡീസീസ് സെൻറർ ഇത്തരം അവസ്ഥയുള്ള രോഗികളെ കൈകാര്യം ചെയ്യുന്നതിനും ആശുപത്രിയ്ക്കുള്ളിലോ പുറത്തോ വൈറസ് മറ്റാളുകളിലേക്ക് പകരുന്നില്ല എന്ന് ഉറപ്പാക്കുന്നതിനുമായി പ്രത്യേക ഉദ്ദേശ്യത്തോടെ നിർമ്മിച്ചതാണ്.

**സാദ്ധ്യമായ ഏത് പൊട്ടിപ്പുറപെടലും കൈകാര്യം ചെയ്യുന്നതിന് രാജ്യത്തെ ആരോഗ്യപരിചരണ പ്രവർത്തകർക്ക് പ്രത്യേക പരിശീലനം നല്കിയിട്ടുണ്ട്.** അതോടൊപ്പം അണുബാധ തടയലും നിയന്ത്രണവും ശക്തിപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ, കേസ് മാനേജ്മെൻറ്, ലബോറട്ടറി നടപടിക്രമങ്ങൾ എന്നിവയ്ക്ക് മുൻഗണന നല്കിയിട്ടുമുണ്ട്. അധിക പേഴ്സണൽ പ്രൊട്ടക്ടീവ് എക്വിപ്മെൻറുകളും (പി.പി.ഇ.) ഒരു സംഭവ്യത എന്ന നിലയിൽ ആസൂത്രണം ചെയ്തിട്ടുണ്ട്.

State of Qatar
MINISTRY OF PUBLIC HEALTH

مؤسسة حمد الطبية
Hamad Medical Corporation
حمد Hamad
HEALTH · EDUCATION · RESEARCH صحة · تعليم · بحوث

مؤسسة الرعاية الصحية الأولية
PRIMARY HEALTH CARE CORPORATION

الهلال الأحمر القطري
Qatar Red Crescent

**നോവൽ കൊറോണാ വൈറസ് (കോവിഡ്–19) സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് www.moph.gov.qa സന്ദർശിക്കുക അല്ലെങ്കിൽ 16000 എന്ന നമ്പറിലേക്ക് വിളിക്കുക**